ഉത്തരം

(എ) ഉണ്ട്.

(ബി) 2003-04, 2004-05 സാമ്പത്തിക വർഷങ്ങളിൽ കൃഷിഭവനുവേണ്ടി കെട്ടിടം പണിയാൻ ഫണ്ട് ഇല്ലാത്തതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ഇത് സംബന്ധിച്ച പ്രൊപ്പോസലൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കണ്ണൂർ ജില്ലയിലെ കൃഷിനാശം

80 [404] ശ്രീ. പി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കഴിഞ്ഞ കാലവർഷക്കെടുതിയിൽ എത്ര കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതു സംബന്ധിച്ച് നഷ്ടപരിഹാരത്തിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര കൃഷിക്കാരാണ് അപേക്ഷ നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതുസംബന്ധിച്ച എന്തെങ്കിലും നഷ്ടപരിഹാരം കൃഷി വകുപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ 2.59 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

(ബി) ഉണ്ട്.

(സി) 1821 കർഷകരുടെ അപേക്ഷകൾ ജില്ലയിൽ ലഭിച്ചിട്ടുണ്ട്.

(ഡി) നൽകിയിട്ടില്ല. ലഭിച്ച അപേക്ഷകളിൻമേലുള്ള ഫീൽഡ് പരിശോധനകൾ നടത്തിവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബളാൽ കൃഷിഭവനിൽ ദുരിതാശ്വാസ വിതരണത്തിൽനടന്ന അഴിമതി

81 [405] ശ്രീ. എം. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് മണ്ഡലത്തിലെ ബളാൽ കൃഷിഭവനിൽ വരൾച്ചയിൽ കൃഷി നശിച്ചവർക്ക് നൽകിയ ദുരിതാശ്വാസവിതരണത്തിൽ അഴിമതി നടന്നിരുന്നതായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ഡി) അർഹതയില്ലാത്തവർക്ക് ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആരോപണത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ടു നൽകാൻ കാസർകോട് ഡെപ്യൂട്ടി ഡയറക്ടറോടും (ഡബ്ല്യൂ. എം.) കാഞ്ഞങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഈ കാര്യം വിശദമായി പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകിയിട്ടുള്ളതായി അന്വേഷണത്തിൽ തെളിഞ്ഞാൽ അങ്ങനെയുള്ളവരിൽനിന്നും പ്രസ്തുത തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കൃഷി ഫാമുകളും സർക്കാർ നഴ്സറിയും

82 [406] ശ്രീ. സി. കെ. നാണു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ഭാഗങ്ങളിലാണ് കൃഷി ഫാമുകളും സർക്കാർ നഴ്സറിയും ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതു തരത്തിലുള്ള തൈകളാണ് ഇവിടെനിന്നും വിതരണം ചെയ്തു വരുന്നത്;

(സി) ആയുർവേദ ഔഷധച്ചെടികൾ ഏതൊക്കെ സർക്കാർ നഴ്സറികളിലാണ് ഉൽപ്പാദിപ്പിക്കുന്നത് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലാ കൃഷി ഫാം, കൂത്താളി,
സ്റ്റേറ്റ് സീഡ് ഫാം, പേരാമ്പ്ര,
സ്റ്റേറ്റ് സീഡ് ഫാം, പുതുപ്പാടി,
കോക്കനട്ട് നഴ്സറി, തിക്കോടി.

LIBRARY ARCHIVES Kerala Legislative Assembly